## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3160 — 19/06/2018-ൽ മറുപടിയ്ക്ക്

### വികലാംഗ കോളനി നിവാസികളുടെ പുനരധിവാസം

| ചോദ്യം<br>ശ്രീ.വി. എസ്. ശിവകുമാർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നിയമസഭാ മണ്ഡലത്തിലെ മുട്ടത്തറയിൽ വികലാംഗ കോളനി നിവാസികളുടെ പുനരധിവാസത്തിനായി നഗരകാര്യ വകുപ്പിന് കൈമാറിയ രണ്ടേക്കർ ഭൂമിയിൽ വീട്ടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | 18/02/16 ലെ സ ഉ (എം. എസ്)നം 138/2016/റവന്യൂ ഉത്തരവ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വെ നം 2610 ൽ പ്പെട്ട സ്ഥലത്തു നിന്നും 81 ആർസ് (2 ഏക്കർ) ഭൂമി വികലാംഗ കോളനിയിൽ താമസിക്കുന്ന കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭവനം നിർമ്മിച്ച് നൽകുന്നതിനായി നഗരകാര്യ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.<br>നഗരകാര്യ വകുപ്പിൽ നിന്നും പ്രസ്തുത സ്ഥലം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് കൈമാറിയാൽ മാത്രമെ ടി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ തിരുവനന്തപുരം കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. |
| (ബി) | ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരായ വികലാംഗ കോളനി നിവാസികൾക്ക് വീട്ടുകൾ നിർമ്മിച്ച് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വികലാംഗ കോളനി നിവാസികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള പ്രത്യേക പദ്ധതി ഇപ്പോൾ പരിഗണനയില്ല. |
| (സി) | തിരുവനന്തപുരം നഗരത്തിൽ ഭവനരഹിതരായ വികലാംഗകോളനി നിവാസികളുടെ പുനരധിവാസം സാധ്യമാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി നടപടി സ്വീകരിക്കുമോ? | (സി) | നഗരകാര്യ വകുപ്പിൽ നിന്ന് കോർപ്പറേഷന് സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് വികലാംഗ കോളനി നിവാസികളുടെ പുനരധിവാസം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ